**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1848** **11-10-2024 - ൽ മറുപടിയ്ക്ക്**

**ജലഗതാഗതം വിപുലപ്പെടുത്താനുള്ള പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലഗതാഗതം വിപുലപ്പെടുത്താൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനായി ആധുനിക രീതിയിലുള്ള ബോട്ടുകൾ കൂടുതലായി സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സംസ്ഥാന ജലഗതാഗത വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ജലഗതാഗതം മറ്റ് ജില്ലകളിൽ കൂടി വ്യാപിപിക്കുന്നതിനുള്ള പഠനങ്ങൾ നടത്തി വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി സർവീസ് മുടക്കങ്ങൾ പരമാവധി ഒഴിവാക്കുന്നുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും സ്വദേശികൾക്കും വിദേശികൾക്കും കുറഞ്ഞ ചെലവിൽ പ്രകൃതി ഭംഗി ആസ്വദിക്കുന്നതിന് അവസരം ഒരുക്കുന്നതിനും അതുവഴി യാത്രക്കാരുടെ എണ്ണവും വകുപ്പിന്റെ വരുമാനവും വർദ്ധിക്കുന്നതിനും യാത്രക്കാർക്കും ജീവനക്കാർക്കും കൂടുതൽ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും പ്രവർത്തനച്ചെലവും പരിസ്ഥിതി മലിനീകരണവും കുറയ്ക്കുന്നതിനും സാധിച്ചു.<br><br>ടൂറിസം സർവീസുകൾ വിപുലപ്പെടുത്തുന്നതിന്റ ഭാഗമായി ടൂറിസം സാധ്യതകൾക്ക് പ്രാധാന്യം നൽകി ജലഗതാഗത വകുപ്പ് ആധുനിക സൗകര്യങ്ങളോട്ടു കൂടിയ സോളാർ ഇലക്ട്രിക്ക് ബോട്ടുകൾ നിർമ്മിക്കുന്നുണ്ട്. ഇതിനായി 20 പേർക്ക് യാത്രചെയ്യാവുന്ന സോളാർ ഇലക്ട്രിക്ക് എ സി ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ 10 പാസഞ്ചർ കപ്പാസിറ്റിയുള്ള വാട്ടർ ടാക്സി (1 എണ്ണം), 120 പാസഞ്ചർ കപ്പാസിറ്റിയുള്ള (40 AC + 80 NON AC) പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് (2 എണ്ണം ) എന്നിവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. 10 പാസഞ്ചർ കപ്പാസിറ്റിയുള്ള 5 ഡിങ്കി ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അതോടൊപ്പം ജലഗതാഗതവകുപ്പ്, ടൂറിസം |

| | | | |
|---|---|---|---|
| | | | വകുപ്പുമായി ചേർന്നുള്ള ജല ടൂറിസം പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ട്.ആയതിന്റെ സാമ്പത്തികവും സാങ്കേതികവുമായ പ്രാഥമിക പഠനങ്ങൾ നടത്തി തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി ആദ്യഘട്ടത്തിൽ ഏതെല്ലാം മേഖലകളിലാണ് ആരംഭിക്കുന്നത്; വിശദമാക്കാമോ? | (ബി) | കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം മലബാർ മേഖലയിലെ കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകൾ കേന്ദ്രികരിച്ച് വിവിധ പദ്ധതികൾ ആണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.<br><br>കൊല്ലം - ആലപ്പുഴ , ആലപ്പുഴ - എറണാകുളം ക്രൂയിസ് സർവീസ്, കായിപ്പുറം - പാതിരാമണൽ ഫെറി ടൂറിസം, കോട്ടയത്ത് നിന്നും വേഗ ക്രൂയിസ് സർവീസ് , എക്സ്പ്ലോർ ആലപ്പുഴ കനാൽ ടൂറിസം, ബേപ്പൂർ - ചാലിയം ക്രൂയിസ് സർവീസ്, മൺറോതുരുത് വില്ലേജ് ടൂറിസം സർവീസ്, ഫ്ളോട്ടിങ് റെസ്റ്റോറന്റ് ബോട്ട് സർവീസ് ,വാട്ടർ ബസ് / ആംഫീബിയൻ ബോട്ട് സർവീസ് , ഡിന്നർ ക്രൂയിസ് സർവീസ്, പെരുമ്പളം - കാക്കത്തുരുത് വില്ലേജ് ടൂറിസം സർവീസ്, എറണാകുളം - വരാപ്പുഴ വില്ലേജ് ക്രൂയിസ് ,തൃക്കരിപ്പൂർ -കവ്വായി ടൂറിസം സർവീസ്, പറശ്ശിനിക്കടവ് - മുനമ്പ് കടവ് ടൂറിസം സർവീസ്, കവ്വായി - മാൻഗ്രോവ് ടൂറിസം സർവീസ്, തൃക്കരിപ്പൂർ -കോട്ടപ്പുറം ക്രൂയിസ് സർവീസ് എന്നിവയാണ് ജലഗതാഗത വകുപ്പിന്റെ പരിഗണനയിലുള്ള വിവിധ പദ്ധതികൾ. |

സെക്ഷൻ ഓഫീസർ